ധനകാര്യമന്ത്രി (ശ്രീ. എൻ. കെ. ശേഷൻ): കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എൻറർപ്രയിസസിന്റെ ചെയർമാനായി മുൻമന്ത്രി ശ്രീ പി. ആർ. കുറുപ്പിനെ നിയമിച്ചു എങ്കിലും അദ്ദേഹം ആ നിയമനം സ്വീകരിച്ചില്ല. അതുകൊണ്ട് അദ്ദേഹം രാജി വയ്ക്കുന്ന പ്രശ്നമേ ഉദിക്കുകയുണ്ടായില്ല.

ഗവൺമെൻറ് ഉദ്യോഗസ്ഥൻമാർക്കുള്ള ആനുകൂല്യങ്ങൾ

* 17 (33) ശ്രീ. ജെ. കമാലിയാസ് മൊറായിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1967 ആരംഭം മുതൽ 1969 അവസാനം വരെ ഗവൺമെൻറ് ഉദ്യോസ്ഥൻമാരുടെ ശമ്പള സ്കെയിലും ക്ഷാമബത്ത മുതലായ ആനുകൂല്യങ്ങളും എത്ര പ്രാവശ്യം വർദ്ധിപ്പിച്ചിട്ടുണ്ട്;

(ബി) ഇതിന്റെ ഫലമായി എത്രകോടിരൂപാ അധികച്ചെലവുണ്ടായി;

(സി) സർക്കാർ ജീവനക്കാർക്ക് വേണ്ടി ചെലവാകുന്ന തുക റവന്യൂ വരവിന്റെ എത്ര ശതമാനമാണ്?

ധനകാര്യമന്ത്രി (ശ്രീ. എൻ. കെ. ശേഷൻ):

(എ) ശമ്പളസ്കെയിലുകളും രണ്ടു പ്രാവശ്യം പരിഷ്കരിച്ചു. 1968-ൽ വില്ലേജ് സ്റ്റാഫിനേയും മറ്റ് താഴ്ന്ന വരുമാനക്കാരുടേയും പിന്നീട് 1969-ൽ പൊതു ശമ്പള പരിഷ്കരണവും. ക്ഷാമബത്ത നാലു പ്രാവശ്യം പരിഷ്കരിച്ചു. 1-1-1967 മുതലും 1-12-1967 മുതലും 1-8-1968 മുതലും 1-4-1969 മുതലും.

(ബി) പ്രതിവർഷ അധികച്ചെലവ് 20.66 കോടി രൂപയാണ്. കൂടാതെ 1-7-1968 മുതൽ 31-3-1969 വരെയുള്ള കാലത്തേക്ക് കുടിശികയിനത്തിൽ 2.25 കോടി രൂപായുടെ അധികച്ചെലവുകൂടി തന്നാണ്ടിൽ ഉണ്ടാകും.

(സി) എയിഡഡ് സ്കൂൾ ജീവനക്കാരുടേയും സർക്കാർ ജീവനക്കാരുടേയും ശമ്പളവും മറ്റ് അലവൻസുകളും കൊടുക്കുന്നതിന് ചെലവാകുന്ന തുക സംസ്ഥാനത്തിന്റെ ആകെ റവന്യൂ വരവിന്റെ 64 ശതമാനമാകുന്നു.

Minimum Wage for tapping Workers

* 18. [37] **Shri S. P. Luiz :** Will the Industries Minister be pleased to state:

(a) Has the Government fixed any minimum wage for tapping workers, in the Rubber Estates;

(b) If so what is the rate of wage fixed;

(c) Is the rate thus fixed applicable to estates not coming under the Plantation Act;

(d) In the matter of fixation of wage rates in rubber estates, were the owners or managements of small plantations consulted?

LIBRARY ARCHIVES Kerala Legislative Assembly

Minister for Industries and Labour (**Shri P. Ravindran**)

(a) Yes in 1965.

(b) *Rubber Estates* (*200 acres and above*)

Men Rs. 1.72 Women Rs. 1.50 [Rubber Estates (below 200 acres) Men Rs. 1.65 Women Rs. 1.47

As per the Minimum Wages Notification No. 82967/H1/62/HLD dated *21st January, 1965 excluding D.A.*

(c) Yes.

(d) The Minimum Wages were revised under Sec. 5 (1) (b) of the Minimum Wages Act. All interested parties including the managements of small and big plantations were given time to file objections and suggestions on the draft proposals published by Government.

കാഷ്യു ഫാക്ടറി

* 19 [38] സർവ്വശ്രീ എൻ. വാസുദേവൻപിള്ള:
,, ഇ. ബാലാനന്ദൻ:
,, ടി. എം. മീതിയൻ:
,, പി. കെ. കുഞ്ഞച്ചൻ:
,, എസ്. ദാമോദരൻ:
,, എൻ. വാസുദേവൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെങ്കിലും കാഷ്യു ഫാക്ടറി ഗവൺമെൻറ് ഏറെടുത്തു നടത്തുന്നുണ്ടോ;

(ബി) കണ്ണൂർ ജില്ലയിലുള്ള യുണൈറഡ് കാഷ്യു ഇൻഡസ്ട്രീസ് എന്ന സ്ഥാപനം പൂട്ടിയിടപ്പെട്ടിട്ട് എത്രനാളുകളായി;

(സി) പ്രസ്തുത സ്ഥാപനം ഗവൺമെൻറ് ഏറെടുത്ത് നടത്താമെന്ന് ഉറപ്പുകൊടുത്തിരുന്നുവെന്നറിയുന്നത് ശരിയാണോ;

(ഡി) പ്രസ്തുത ഫാക്ടറിയുടെ പ്രവർത്തനം പുനരാരംഭിക്കുന്നതുവരെ തൊഴിലാളികൾക്ക് സൗജന്യ റേഷൻ കൊടുക്കുന്നതിനുള്ള ഒരു പദ്ധതി ഗവൺമെൻറിന്റെ പരിഗണനയിലുണ്ടോ?

വ്യവസായവും തൊഴിലും മന്ത്രി ശ്രീ. പി. രവീന്ദ്രൻ):

(എ) ഇല്ല.

(ബി) രണ്ടുവർഷത്തിനുമേലായി. 7-9-1967 മുതൽ പൂട്ടിയിട്ടു.

(സി) ശരിയല്ല. എന്നാൽ ഈയിടെ രൂപീകരിച്ച കാഷ്യു ഡെവലപ്പ്മെൻറ് കോർപ്പറേഷൻ ഈ ഫാക്ടറി ഏറെടുത്തുനടത്തുന്ന കാര്യം പരിഗണിച്ചുവരികയാണ്.

(ഡി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly